# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
# 2025 - 2026

## കോട്ടയം രാജാസ് ഹൈസ്ക്കൂൾ
## പാതിരിയാട്

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 മലയാളം

**ആമുഖം** : വായനയിലൂടെ ഭാഷാപരമായ നൈപുണികളെ വളർത്തിയെടുത്ത് വിദ്യാർത്ഥികളെ സമഗ്ര വ്യക്തി വികാസത്തിലേക്ക് എത്തിക്കുവാൻ സാധിക്കുന്നതാണ്. പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയിലൂടെ വിദ്യാർത്ഥികളെ അറിവിന്റെ വിശാല ലോകത്തിലേക്ക് കൊണ്ടു പോകുന്നതിനും അപരിചിതമായ ജീവതാനുഭവങ്ങളെ തിരിച്ചറിയുന്നതിനും കഴിയുന്നു. വായന ആനന്ദകരമായ ഒരനുഭവമായി മാറ്റുന്നതിനും അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിനും ഉതകുന്ന നിരന്തര പ്രവർത്തനങ്ങളാണ് 2025-26 അധ്യായന വർഷം സ്കൂളിൽ നടപ്പിലാക്കാൻ പോകുന്നത് .ഓരോ വിദ്യാർത്ഥികളിലൂടെയും രൂപപ്പെടുന്ന വായനാ സംസ്കാരത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**ലക്ഷ്യം :**

1) 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
2) കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.
3) കുട്ടികളിൽ വായനാ സംസ്കാരം വളർത്തുക

**മാതൃഭാഷാ പഠനം പ്രശ്നങ്ങൾ**

1) 5 മുതൽ 10 വരെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.
2) സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
3) വായനയുടെ ലോകത്തിലേക്ക് കുട്ടികളെ എത്തിക്കുവാൻ കഴിയുന്നില്ല.

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2.അക്ഷരമുറപ്പിക്കൽ<br>3.അടയാളം/ചിഹ്നം ഉറപ്പിക്കൽ<br>4.അക്ഷരക്കാർഡ് നൽകൽ<br>5.വാക്കുകൾ എഴുതിയ കാർഡ്<br>6.വാക്കുകൾ നിർമ്മിക്കുക<br>7.വാക്യങ്ങൾ നിർമ്മിക്കൽ<br>8.ചിത്രം അടിക്കുറിപ്പ്<br>9. ചിത്രം കഥയെഴുതൽ<br>10.ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം ആഗസ്റ്റ് സെപ്റ്റംബർ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പിടിഎ<br>അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1.ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനയെക്കുറിച്ച് പതിപ്പ്<br>9. വിദ്യാരംഗം സാഹിത്യ വേദി പ്രവർത്തനം<br>10. ദിനാചരണം<br>11.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12.ആനുകാലിക പ്രസിദ്ധീകരണം വായന<br>13. ആസ്വാദ്യകരെ വായന | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ<br>പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | പിടിഎ<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3) കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുക | ഇ വായന<br>1.എഴുത്തു കൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ് പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ<br>6.വ്യക്തിഗത രചന, സംഘരചന<br>7. ഭാഷാ പ്രൊജക്റ്റ്<br>8.സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9.സാഹിത്യകാരുമായുള്ള അഭിമുഖം<br>10.സാഹിത്യ സാംസ്കാരിക ചിത്രഗാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ ആനുകാലികങ്ങൾ മാസികകൾ | പിടിഎ അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1.പ്രസംഗ പരിശീലന കളരി<br>2.വിവിധ വിഷയം നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കൽ<br>4. പ്രസംഗം അവതരണ വേദി സജ്ജമാക്കൽ | 6 മാസം ജൂലായ് ഡിസംബർ | ഓഡിയോ വീഡിയോ | അധ്യാപകർ ട്രെയിനർ |

## പരിഹാര പ്രവർത്തനം പദ്ധതി വിശദാംശങ്ങൾ :

<u>പത്രവായന/ വായനാക്കുറിപ്പ് തയ്യാറാക്കൽ</u>

കുട്ടികൾ ദിവസവും പത്രം വായിച്ച് വാർത്തകൾ ഒരു നോട്ടുബുക്കിൽ എഴുതി ശേഖരിച്ച് വയ്ക്കുകയും ക്ലാസ് തലത്തിൽ വായിച്ച് അവതരിപ്പിക്കുകയും ചെയ്യുക. അതുപോലെ ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക. മികച്ച കുറിപ്പിന് സമ്മാനവും നൽകുക. കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും വികസിപ്പിക്കാൻ ഉതകുന്നതാണീ പ്രവർത്തനം

## കഥ കവിത ശില്പശാല സെമിനാർ

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശില്പശാലകളിലൂടെ കഴിയും. പ്രാദേശിക എഴുത്തുകാരെ മറ്റു വിദഗ്ദരെയും ഇതിൽ ഉപയോഗിക്കാം. പാഠപുസ്തകത്തിലെ വിഷയങ്ങളെ അടിസ്ഥാനമാക്കി അന്വേഷണാത്മക പഠനം നടത്താൻ കഴിവുകൾ വികസിപ്പിക്കാനും ഇതിലൂടെ കഴിയും

## മാഗസിൻ നിർമ്മാണം

പഠനപ്രവർത്തനങ്ങളിലൂടെയും ദിനാചരണങ്ങളിലൂടെയും ഭാഗമായി ധാരാളം രചനകളിൽ കുട്ടികൾ ഏർപ്പെടുമ്പോൾ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ കഥ,കവിത,ലേഖനം ,ചിത്രം, കാർട്ടൂൺ തുടങ്ങിയ വ്യത്യസ്ത സൃഷ്ടികൾ ഉൾപ്പെടുത്തി കുട്ടികളുടെ സർഗാത്മകതയെ വളർത്തിയെടുക്കാം ക്ലാസ് തലത്തിൽ ഇത് ഉണ്ടാക്കാം .

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 ഇംഗ്ലീഷ്

**പ്രവർത്തനം 1**

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളിലും ഇംഗ്ലീഷിൽ അവതരിപ്പിക്കുക അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ രണ്ടുദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 2**

**പേര് : ഇംഗ്ലീഷ്  ഡയറി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| | | | | |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിനും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ അഞ്ചുദിവസം | ഇംഗ്ലീഷ് അധ്യാപിക | |

**പ്രവർത്തനം 3**

**പേര് : ഇംഗ്ലീഷ് തീയറ്റർ**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് ഭാഷ പാഠഭാഗങ്ങളിൽ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിന് മുൻപാകെ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | എച്ച് എം , ഇംഗ്ലീഷ് അധ്യാപകൻ | 2000/- PTA |

| | | | | |
|---|---|---|---|---|
| **പ്രവർത്തനം 4**<br>**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ**<br>**ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന** | | | | |
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | എച്ച് എം ഇംഗ്ലീഷ് അധ്യാപിക | 2000 (പരസ്യത്തിലൂടെ കണ്ടെത്താം) |
| **പ്രവർത്തനം 5**<br>**പേര് : ഇംഗ്ലീഷ് ഫെസ്റ്റ്**<br>**ഉപമേഖല : ഇംഗ്ലീഷ് പഠനം** | | | | |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യ വേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | അഞ്ച് ദിവസം (അവധിക്കാലം) | പിടിഎ പ്രസിഡണ്ട് എച്ച് എം | 10000/- |
| **പ്രവർത്തനം 6**<br>**പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത്**<br>**ഉപമേഖല : ഇംഗ്ലീഷ് പഠനം** | | | | |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമി പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളു മായി പ്രതിമാസ പരുപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | 10000/- |
| **പ്രവർത്തനം 7**<br>**പേര് : ഇംഗ്ലീഷ് ചാറ്റിംഗ്**<br>**ഉപമേഖല : ഇംഗ്ലീഷ് പഠനം** | | | | |
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശരാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥി കളുമായി മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | |
| | | | | |

**പ്രവർത്തനം 8**

**പേര് : Translation of Malayalam childrens books to English**

**(മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ)**

**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| | | | | |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യകൃതികൾ ആശയം ചേർന്ന പോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20000/- |

**പ്രവർത്തനം 9**

**പേര് : ഗ്രാമർ സ്കൂൾ**

**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| | | | | |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിയു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതിവർഷം 10 ക്ലാസ് | ക്ലാസ് ടീച്ചർ | 5000/- |

**പ്രവർത്തനം 10**

**പേര് : പ്രസംഗ തർജ്ജമ**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| | | | | |
|---|---|---|---|---|
| തൽസമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

**പ്രവർത്തനം 11**

**പേര് : പദപ്രശ്ന നിർമ്മാണം**

**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| | | | | |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

**പ്രവർത്തനം 12**

**പേര് : ഇംഗ്ലീഷ് കോർണർ**

**ഉപമേഖല :ഇംഗ്ലീഷ് പഠനം**

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാം കുട്ടികളും നേടിയെന്ന ഉറപ്പാക്കുക.
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| എട്ടാംതരം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരീശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂട്ടുതലായി പരിചയപ്പെടുത്തുന്നു | ജൂൺ ജൂലൈ | | |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു | ആഗസ്റ്റ് സെപ്റ്റംബർ | | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു വായനാ പരിശീലനത്തിന് | കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ | ഡിസംബർ ജനുവരി | | |

| | | | | |
|---|---|---|---|---|
| അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു | തുടങ്ങിയവ വായനക്കായി നൽകുന്നു | | | |
| ഒമ്പതാം തരം | | | | |
| ഹിന്ദി മുഴുവനായി വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക്ഷീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ ബുക്കുകൾ വായിക്കുവാൻ നൽകുന്നു | ജൂൺ ജൂലൈ | | |
| നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കി കൊടുക്കുന്നു വാക്യഘടന പരിചയപ്പെടുത്തുന്നു | ചാർട്ടുകൾ നൽകുന്നു അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു കവിത പൂരിപ്പിക്കാൻ നൽകുന്നു | ആഗസ്റ്റ് സെപ്റ്റംബർ | | |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു | | | |
| കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു | ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു | നവംബർ ഡിസംബർ | | |

| പത്താം തരം | | | | |
|---|---|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ജൂൺ ജൂലൈ | | |
| സാഹിത്യാഭിരുചി വളർത്തുക | പദ്യം ചൊല്ലൽ കഥ കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയുമായി മാറ്റുവാനറിയുന്നു ഡയറി എഴുതുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു ഡയറി എഴുതുവാൻ ഉള്ള നിർദ്ദേശം നൽകുന്നു | നവംബർ ഡിസംബർ ജനുവരി | | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പാഠനോപകരണങ്ങൾ | സാമ്പത്തികം | ക്ലാസിതരപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| *എല്ലാ കുട്ടികളെയും ഭാഷാപഠന താൽപരരാക്കുന്നു * അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ ചിത്രങ്ങൾ വീഡിയോ | അധ്യാപിക | അനുരൂപീകരണ തലം സഹപാഠികളുടെ പിന്തുണ പഠന പ്രവർത്തനങ്ങളിൽ സഹായിക്കൽ ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെട്ടുത്തിയുള്ള ക്ലാസ്സ് തല പ്രവർത്തനം | രചന ശില്പാശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു | | | | |
| സാഹിത്യ അഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകൽ | പ്രശ്നോത്തരി മാഗസിൻ, കഥ, കവിത, ഉപന്യാസം എന്നിവക്കുള്ള പരിശീലനം സൃഷ്ടി | | | | |
| സംസ്കൃത ദിനാചരണം സ്കൂൾതല മത്സരങ്ങൾ നടത്തി സബ് ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ | ഔപചാരിക ക്ലബ്ബ് രൂപീകരണം സംസ്കൃത സന്ദേശം ഒരു പ്രമുഖ വ്യക്തിയുടെ ക്ലാസ് | | | | |

| | | | | | |
|---|---|---|---|---|---|
| സ്വാതന്ത്ര്യദിനം | സംസ്കൃതം പ്രാർത്ഥന വന്ദേമാതരാലാപനം | | | | |
| ഭാഷാ പഠനം കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്ന ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ,സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു | | ചിത്രങ്ങൾ വീഡിയോ | | സബ് ജില്ലാ ജില്ലാ മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാനദാനം നൽകുന്നു |
| സംഭാഷണ ശിബിരം | പരീക്ഷ സംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന് എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥല സന്ദർശനം | | | | |
| മത്സര പരീക്ഷയ്ക്കുള്ള പ്രത്യേക പരിശീലനം | രാമായണ പ്രശ്നോത്തരി യുഎസ്എസ് സംസ്കൃത സ്കോളർ ഷിപ്പ് പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീമോഡൽ, മോഡൽ ,SSLC പരീക്ഷ പരിശീലനം | | | | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 അറബിക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അറബി അനായസമായി എഴുതുവാനും വായിക്കുവാനും ശേഷി നേടുക ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അറബിക്കിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാദിവസവും | അറബിക് അധ്യാപകൻ | |
| | അറബി ഭാഷ വായന പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറിയിൽ അറബി പുസ്തകങ്ങൾ ലഭ്യമാക്കുക | മാസത്തിൽ | | |
| | അസംബ്ലിയിൽ അറബിക് പ്രസംഗം പത്രവായന എന്നിവ നടത്തുക | മൂന്നുമാസത്തിലൊരിക്കൽ | | |
| | അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരങ്ങൾ മത്സരങ്ങൾ എന്നിവ നടത്തുക | മാസത്തിൽ | | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | *പ്രീ-ടെസ്റ്റ് ചോദ്യനിർമ്മാണം, ടെസ്റ്റ് മൂല്യനിർണയം<br>*പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ് ബോധന സാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം, ആശയധാരണകൾ ഉറപ്പിക്കൽ | ജൂൺ<br>ജൂലൈ | ഗണിതാധ്യാപകൻ | |
| എല്ലാ കുട്ടികൾക്കും TLM കിറ്റ്, ക്ലാസുകളിൽ ഗണിത കോർണർ | * ദ്വിദിന ശില്പശാലയിലൂടെ ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠനസാമഗ്രികളുടെ (ഒറിഗാമി മുതലായവ) നിർമ്മാണം<br>*ഇത്തരം പഠന സാമഗ്രികൾ ഉൾപ്പെടുത്തി ക്ലാസ്സുകളിൽ 'ഗണിതമൂല' | 5 മാസം | ഗണിതാധ്യാപകൻ | |
| ഗണിത ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ | * ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ ഇനം തിരിച്ച് ക്രമീകരിക്കൽ | ടൈം ഒന്ന് | ഗണിതാധ്യാപകൻ | |
| MATHS CLUB സജീവമാക്കൽ | *ഗണിത ക്ലബ്ബ് രൂപീകരണോദ്ഘാടനം<br>*ഗണിത ക്വിസ് ,ഗണിത സമസ്യകൾ ബുള്ളറ്റിൽ ബോർഡുകളിൽ<br>*ക്ലാസ് തല - സ്കൂൾതല ഗണിത മാഗസീനുകൾ<br>*ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടാം<br>*ഓരോ കുട്ടിക്കും 'എന്റെ കുസൃതി കണക്കു പുസ്തകം' | ജൂൺ ജൂലൈ<br>എല്ലായിപ്പോഴും | ഗണിതാധ്യാപകൻ,<br>ഗണിത ക്ലബ് | |
| ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ | *ഗണിത ക്യാമ്പ്<br>*പ്രോജക്ടുകളുടെ അവതരണം<br>*മാഗസിനുകളുടെ പ്രകാശനം | ഓണം<br>ക്രിസ്മസ് ഒഴിവ് | ഗണിതാധ്യാപകൻ<br>ഗണിത ക്ലബ് | |

| | | | | |
|---|---|---|---|---|
| പഠനനേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി വർക്കു ബുക്ക് | *വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക്ക് ഷീറ്റുകൾ തയ്യാറാക്കി വർക്ക് ബുക്കായി നൽകുന്നു | രണ്ടാം ടേമിൽ | ഗണിതാധ്യാപകൻ | |
| മുന്നാക്കക്കാരുടെ ഉന്നമനത്തിന് തുടർ പ്രവർത്തനം മെച്ചപ്പെടുത്തൽ | *MCQ Questions, ഉന്നത നിലവാരത്തിലുള്ള ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷകൾ നടത്തൽ | മാസത്തിൽ രണ്ട് | ഗണിതാധ്യാപകൻ | |
| ICT യുടെ ഗണിത പഠനം എളുപ്പമാക്കൽ | * ഗണിതത്തിലെ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം | യഥാർത്ഥ സമയങ്ങളിൽ | ഗണിതാധ്യാപകൻ | |
| ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ചുമർചിത്രങ്ങൾ | *ഗണിതാശയങ്ങൾ ജ്യാമിതീയ രൂപങ്ങൾ എന്നിവ വരയ്ക്കൽ | 5 മാസം | ഗണിതാധ്യാപകൻ<br>ഗണിത ക്ലബ് | |
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ സംഖ്യാ ബോധം എന്നിവ ഉറപ്പിക്കൽ | *ഡൈസ് ഗെയിം, പാമ്പും കോണിയും, നമ്പർ ചാർട്ട് , നമ്പർ പാറ്റേൺ മുതലായവയുടെ നിർമ്മാണവും ഉപയോഗിച്ചുള്ള കളികളും | യഥാർത്ഥ സമയങ്ങളിൽ | ഗണിതാധ്യാപകൻ | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം മെച്ചപ്പെടുത്തൽ | പുസ്തകങ്ങൾ അറ്റ്ലസ് ഗ്ലോബ് ഡിജി വിഭവങ്ങൾ ലഭ്യമാക്കി സാമൂഹ്യശാസ്ത്രത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക | ആഴ്ചയിൽ ഒരിക്കൽ | Social Teacher | PTA ,STAFF |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തുക | സ്കൂൾ പാർലമെന്റ് ഇലക്ഷൻ | വർഷത്തിലൊരിക്കൽ | HM STAFF STUDENTS | |
| നൂതന അറിവുകൾ ഉണ്ടാക്കിയെടുക്കുക | ക്വിസ് മത്സരം ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് വാർത്തകൾ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | SOCIAL TAECHER STUDENTS | |
| പഠനയാത്രകളിലൂടെ ചരിത്ര വിവരങ്ങൾ മനസ്സിലാക്കുക | ചരിത്ര സ്മാരകങ്ങൾ സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള സന്ദർശനം | വർഷത്തിലൊരിക്കൽ | PTA ,STAFF | PTA ,STAFF |
| അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികൾക്കായി പ്രത്യേക പരിശീലനം | ഒപ്പം ഒപ്പത്തിനൊപ്പം പരീക്ഷയിൽ പിന്നോക്കം പോയ കുട്ടികൾക്ക് 30% എങ്കിലും എത്തിക്കാനുള്ള പരിശീലനം ഒരുക്കുക | | | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | * ശാസ്ത്ര തത്ത്വങ്ങൾ ലളിതമായ രീതിയിൽ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ എത്തിക്കുക<br>* സ്കൂൾ തല സയൻസ് എക്സിബിഷൻ<br>*ഗവേഷണാത്മക പ്രോജക്ടുകൾ തയ്യാറാക്കുക | എല്ലാ ദിവസവും<br><br>വർഷത്തിൽ രണ്ട് തവണ<br>മാസത്തിലൊരിക്കൽ | സയൻസ് ടീച്ചർ | പിടിഎ<br><br>പിടിഎ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക.<br><br>ശാസ്ത്ര ലാബ് നവീകരണം | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക<br><br>ലാബ് ഉപകരണങ്ങൾ വിഷയ അടിസ്ഥാനത്തിൽ തരംതിരിച്ച് സജ്ജമാക്കുക | രണ്ടുമാസം<br><br>മെയ് മാസം | സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ , ക്ലബ്ബംഗങ്ങൾ | പിടിഎ |
| ശാസ്ത്ര മാനസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | ആറുമാസത്തിലൊരിക്കൽ | സയൻസ് ടീച്ചർ<br>കുട്ടികൾ | |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട എന്ന രീതിയിൽ പരിശീലനം<br>കുട്ടി- കുട്ടി എന്ന രീതിയിൽ പരിശീലനം | എല്ലാ ദിവസവും | സയൻസ് ടീച്ചർ<br>രക്ഷിതാക്കൾ | പിടിഎ |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശുചിത്വബോധം വളർത്തൽ | ശുചിത്വ ശീലങ്ങളെ കുറിച്ചും മഴക്കാല രോഗങ്ങളെ കുറിച്ചും വിദഗ്ധരുടെ ക്ലാസ്. ഡ്രൈ ഡേ ആചരണം | ജൂൺ | ഹെൽത്ത് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | PTA |
| മാലിന്യ സംസ്കരണം | ഗ്രീൻ പ്രോട്ടോകോൾ സീറോ വേസ്റ്റ് എന്നിവ പാലിക്കുന്നതിന് മുൻകൈയെടുക്കുക | അക്കാദമിക വർഷം മുഴുവൻ | Eco club<br>ഹരിത സേന | |
| കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളെ കുറിച്ച് ബോധവൽക്കരണം<br><br>ശാസ്ത്ര ലാബ് നവീകരണം | ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ സ്വയംരക്ഷാ പരിശീലനം<br><br>ലാബിൽ പഠനോപകരണം സജ്ജമാക്കൽ | ആഗസ്റ്റ്<br><br>ആഗസ്റ്റ് | TEACHERS SRG<br>PTA<br><br>TEACHERS ,<br>ക്ലബ് അംഗങ്ങൾ | <br><br>PTA |
| കർഷകരെ ആദരിക്കൽ | കാർഷിക പ്രവർത്തികൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക | അക്കാദമിക വർഷം മുഴുവൻ | TEACHERS ,<br>ക്ലബ് അംഗങ്ങൾ | PTA |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 ആരോഗ്യ കായിക വിദ്യാഭ്യാസം

മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

ഉദ്ദേശ്യം : 1. കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക .

2. അനുയോജ്യമായ ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക.

ഉപമേഖല : 1. കായിക മേഖല

2. ആരോഗ്യ മേഖല

## ആമുഖം :

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞുവന്നു കൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ കായിക അവബോധം ഇല്ലായ്മയാണ് പ്രധാനമായ കാരണം ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻ തലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്.

## ആരോഗ്യ കായിക വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ

എല്ലാ കുട്ടികൾക്കും പാഠ്യപാദ്ധി നിർദേശിക്കുന്നശേഷികൾ നേടാൻ സാധിക്കുന്നില്ല. കായിക ക്ഷമത പ്രവർത്തനങ്ങൾ ഫലപ്രദമായി എല്ലാ ക്ലാസുകളിലും നടപ്പാക്കുന്നതിന് അനുവദിച്ച പിരീഡുകൾ അപര്യാപ്തമാണ് .പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കായിക ഉപകരണങ്ങളും സൗകര്യങ്ങളും ഇല്ല. ടർഫ് പോലുള്ള കളിസ്ഥലങ്ങൾ ഇല്ലാത്തത് പ്രധാന ഇനമായ ഹോക്കിയെ നല്ല രീതിയിൽ ബാധിക്കുന്നുണ്ട്.

## ലക്ഷ്യം

1. കായികക്ഷമത കൈവരിക്കൽ
2. ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ

## പ്രവർത്തനം

നമ്മുടെ സ്കൂളിലെ 5,6,7 ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഹൈസ്കൂൾ ക്ലാസിലെ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് അനുവദിച്ച പിരീഡ് ഉപയോഗിച്ചും സ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നേയുള്ള രാവിലത്തെ സമയവും ശേഷമുള്ള വൈകുന്നേരങ്ങളിലെ സമയവും ഉപയോഗിച്ച് കുട്ടികൾക്കുള്ള പ്രവർത്തനം എത്തിക്കാൻ സാധിക്കുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

1. മൈനർ ഗെയിം

2.കിഡ്സ് അത്‌ലറ്റിക്സ് -അത്‌ലറ്റിക്സ്

3. മേജർ ഗെയിംസ് -ഫുട്ബോൾ, ഹോക്കി ( ആൺ, പെൺ)

4. ചെസ്സ്

5. യോഗ

6. റോഡ് സേഫ്റ്റി അവയർനസ് ക്ലാസുകൾ

7. ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു